# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.78 01.12.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി.കെ. ബഷീർ ശ്രീ.ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

## കേന്ദ്രബജറ്റ് സംബന്ധിച്ച സംസ്ഥാന നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | 2014-15 ലെ കേന്ദ്ര പൊതു ബജറ്റ് സംബന്ധിച്ച് സംസ്ഥാനം യഥാസമയം ശുപാർശ സമർപ്പിച്ചിരുന്നോ; | 2014-15 ലെ കേന്ദ്ര പൊതു ബജറ്റ് സംബന്ധിച്ച് ആവശ്യമായ ചർച്ചകളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനം യഥാസമയം സമഗ്രമായ ശുപാർശകൾ സമർപ്പിച്ചിരുന്നു. 2014-15ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാന സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാ |
| (ബി) | പ്രസ്തുത ശുപാർശ സമർപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ചർച്ചകളും പരിശോധനകളും നടത്തിയിരുന്നോ ; | |

| | | |
|---|---|---|
| | | ക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും, പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെലവുകുറഞ്ഞ വായ്പാപദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.<br><br>സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചു കൊണ്ട് ജി.എസ്.റ്റി (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിരുന്നു.<br><br>ഇതിനുപുറമേ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിരുന്നു. |

| | | |
|---|---|---|
| | | വർ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിപുലീകരണം, കൃഷി, വിദ്യാഭ്യാസം ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ സംസ്ഥാനം സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടവയല്ല എങ്കിൽപ്പോലും മേൽപദ്ധതികൾ നടപ്പിലാക്കുന്നത് പൊതുവിൽ സംസ്ഥാനത്തിനും പ്രയോജനപ്രദമാണെന്ന് വിലയിരുത്തപ്പെടുന്നു. |
| (ഡി) | 2015-16 കേന്ദ്ര പൊതു ബഡ്ജറ്റ് സംബന്ധിച്ച് സംസ്ഥാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ? | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ